## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4070** **21.10.2016 ൽ മറുപടിയ്ക്ക്**

## ബസ്സുകളുടെ മിന്നൽ പണിമുടക്കുകൾ

| | ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ബസ്സുകളുടെ മിന്നൽ പണിമുടക്ക് സാധാരണ യാത്രക്കാർക്കുണ്ടാക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ), (ബി), (സി), (ഡി) & (ഇ) | ഉണ്ട്. നിയമ വിരുദ്ധമായ ഇത്തരം മിന്നൽ പണിമുടക്കുകൾ അപ്രതീക്ഷിതമായി ഉണ്ടാകുന്നത് മൂലം പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനു വേണ്ടി സമയബന്ധിതമായി സർവീസ് പുനരാരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി. നടപടി സ്വീകരിക്കാറുണ്ട്. അവശ്യഘട്ടങ്ങളിൽ പോലീസ് സഹായവും ഉപയോഗപ്പെടുത്താറുണ്ട്.<br>കേരള മോട്ടോർ വാഹന ചട്ടം 215 പ്രകാരം ഒരു ബസ് അതിനനുവദിച്ചിട്ടുള്ള സമയ ക്രമത്തിൽ ഓടിക്കാൻ ഏതെങ്കിലും സാഹചര്യത്തിൽ കഴിയുകയില്ലെങ്കിൽ ആ വിവരം പെർമിറ്റ് നല്കിയിട്ടുള്ള അതോറിറ്റിയെ അറിയിക്കാൻ പെർമിറ്റ് ഉടമ ബാദ്ധ്യസ്ഥനാണ്.<br>കേരള മോട്ടോർ വാഹന ചട്ടം 152 പ്രകാരം പെർമിറ്റ് ഉടമ പെർമിറ്റ് നല്കിയ അതോറിറ്റിയെ തന്റെ വാഹനം സർവീസ് നടത്തുന്നില്ലായെന്ന കാര്യം അറിയിച്ച് മുൻകൂർ അനുമതി നേടിയിരിക്കേണ്ടതാണ്.<br>എന്നാൽ പെർമിറ്റ് വ്യവസ്ഥകളിൽ ബസ് തൊഴിലാളികളുടെ സമരം സംബന്ധിച്ച് പരാമർശമൊന്നും ഇല്ല.<br>മിന്നൽ ബസ് പണിമുടക്കുകൾ തടയുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിക്കുന്നതാണ്. |
| (ബി) | അപ്രഖ്യാപിതവും അനവസരത്തിലുമുള്ള ഇത്തരം മിന്നൽ പണിമുടക്കുകൾ രോഗികൾ, സ്ത്രീകൾ, കുട്ടികൾ ,വിദ്യാർത്ഥികൾ, സമൂഹത്തിന്റെ അടിത്തട്ടിലുള്ളവർ എന്നിവർക്കുണ്ടാക്കുന്ന പ്രയാസങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | | |
| (സി) | ഇത്തരം മിന്നൽ പണിമുടക്കുകൾ നിയമ വിരുദ്ധമല്ലേയെന്ന് വിശദമാക്കുമോ; | | |
| (ഡി) | പെർമിറ്റ് വ്യവസ്ഥകൾ പ്രകാരം മുൻകൂർ നോട്ടീസ് നൽകാതെ ബസ് തൊഴിലാളികൾ സമരം ചെയ്യാൻ പാടുണ്ടോയെന്ന് വിശദമാക്കുമോ; | | |
| (ഇ) | എങ്കിൽ ഇത്തരം മിന്നൽ ബസ് പണിമുടക്കുകൾ തടയാൻ സർക്കാർ എന്തൊക്കെ നടപടികൾ കൈകൊള്ളുമെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ